# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.37/PR/PIC/PHQ/17 Date : 22.02.2017

---

## ജനമൈത്രി പോലീസിന്റെയാകെ സംസ്കാരമാകണം - മുഖ്യമന്ത്രി

ജനമൈത്രി പോലീസിന്റെയാകെ സംസ്കാരമാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം തിരുവനന്തപുരം നിശാഗന്ധി ആഡിറ്റോറിയത്തിൽ നിരവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനങ്ങളുടെ പക്ഷത്തിനെതിരായി മുതലാളിമാരുടെയും മറ്റും പക്ഷത്തുനില്ക്കുന്ന പോലീസായിരുന്നു പൊതുവിൽ പഴയകാലത്ത്. ജനങ്ങളെ തല്ലാനുള്ള അവകാശം തങ്ങൾക്കുണ്ടെന്ന് അന്ന് പോലീസ് കരുതിയിരുന്നു. അത്തരം സമീപനങ്ങളിൽ 1957 മുതൽ മാറ്റം വന്നു. പക്ഷേ, അത്തരം സമീപനങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടവിടെയുണ്ട്. അതുകൂടി പൂർണമായി മാറണം.

കുറ്റം ചെയ്യാൻ തയ്യാറായി നില്ക്കുന്ന ഒട്ടേറെ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. ക്വട്ടേഷൻ സംഘങ്ങൾ, മയക്കുമരുന്നു പ്രചരിപ്പിക്കുന്നവർ, സ്ത്രീകളെ വേട്ടയാടുന്നവർ തുടങ്ങി അത്തരത്തിലുള്ള എല്ലാ വിഭാഗങ്ങളെയും പൂർണമായും നിലയ്ക്കു നിറുത്തുക എന്നതാണ് സർക്കാരിന്റെ സമീപനം. ഇത്തരം കുറ്റങ്ങൾക്ക് ഇരയാവുന്ന ജനങ്ങളോടുള്ള മൈത്രി എന്നതാവണം പോലീസിന്റെ സംസ്കാരം. പോലീസിന്റെ എല്ലാത്തലങ്ങളിലും ഇതിനാവശ്യമായ പ്രവർത്തനം നടത്തണം. ആ നിലയിലേക്ക് നമ്മുടെ പോലീസ് വലിയതോതിൽ മാറിയിട്ടുണ്ട്. ആമാറ്റം പൂർണമാകണം. ജനമൈത്രീ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പൂർണമായ സഹകരണം ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

പ്രഖ്യാപനച്ചടങ്ങിൽ വൈദ്യുതി-ദേവസ്വം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ.കെ.ടി.ജലീൽ മുഖ്യാതിഥിയായിരുന്നു. ജനമൈത്രി ബോധവത്കരണ ഹ്രസ്വചിത്രത്തിന്റെ പ്രകാശനം മേയർ അഡ്വ.വി.കെ. പ്രശാന്തും, ജനമൈത്രി ജേർണലിന്റെ പ്രകാശനം മുൻ ഡി.ജി.പി.മാരായ രമൺ

ശ്രീവാസ്തവ, ജേക്കബ് പുന്നൂസ് എന്നിവരും നിർവഹിച്ചു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർവഹിച്ചു. ചടങ്ങിൽ ചലച്ചിത്ര താരം സുരാജ് വെഞ്ഞാറമുട്, സൗത്ത് സോൺ എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ, തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം തുടങ്ങിയവർ സംബന്ധിച്ചു.

********